**Malayala Manorama**

**19 August 2018**

**Kannur, After Flood, Insurance Claim**



# ഇൻഷുറൻസ് ക്ലെയിം വേഗം തീർപ്പാക്കണം: ഐആർഡിഎ

**മനോരമ ലേഖകൻ**

കണ്ണൂർ ● കേരളത്തിൽ നിന്നുള്ള ഇൻഷുറൻസ് ക്ലെയിമുകൾ അടിയന്തരപ്രാധാന്യം നൽകി തീർപ്പാക്കണമെന്ന് ഇൻഷുറൻസ് റഗുലേറ്ററി ആൻഡ് ഡവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ (ഐആർഡിഎ) ഇൻഷുറൻസ് കമ്പനികൾക്കു നിർദേശം നൽകി. മരിച്ചെന്നു സംശയിക്കുന്നവരുടെ, മൃതദേഹങ്ങൾ ലഭ്യമായില്ലെങ്കിൽ പോലും നടപടിക്രമങ്ങളിൽ ഇളവു നൽകണം. 2015ലെ ചെന്നൈ വെള്ളപ്പൊക്കസമയത്തെ നടപടിക്രമങ്ങൾ പിന്തുടരാനാണു കമ്പനികൾക്കു നിർദേശം.

വ്യക്തിഗത പോളിസികൾക്കു പുറമേ, വാഹന, ഭവന, വ്യാപാര സ്ഥാപന ക്ലെയിമുകൾക്കും അടിയന്തര പ്രാധാന്യം നൽകണം. എല്ലാ ജില്ലകളിലും നോഡൽ ഓഫിസർമാരെ നിയോഗിക്കണം.

ഫോൺ നമ്പറുകൾ പരസ്യപ്പെടുത്തണം. ക്ലെയിമുകളുടെ സ്ഥിതിവിവരക്കണക്കുകൾ ഓരോ ആഴ്ചയും ഐആർഡിഎയുടെ പ്രത്യേക വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യണം.